**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 929** **12-06-2024 - ൽ മറുപടിയ്ക്ക്**

**പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു, ശ്രീ. എൻ. കെ. അക്ബർ, ശ്രീ. കെ. പ്രേംകുമാർ, ശ്രീ. എം.വിജിൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പുതു തലമുറയ്ക്ക് ജനാധിപത്യ മൂല്യങ്ങൾ പകർന്ന് ഭരണഘടനയുടെ പ്രാധാന്യം ഉയർത്തിപ്പിടിക്കുന്നതിനായി പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ; | (എ) | ജനാധിപത്യമൂല്യങ്ങളും ഭരണഘടനയുടെ പ്രാധാന്യവും പുതുതലമുറയ്ക്ക് പകർന്നു നൽകുന്നതിനായി പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലും കോളേജുകളിലും ഫോറം ഫോർ ഡെമോക്രസി ആന്റ് സോഷ്യൽ ജസ്റ്റിസ് (എഫ്.ഡി.എസ്.ജെ) എന്ന പ്ലാറ്റ്ഫോം രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. യൂത്ത്/ മോഡൽ പാർലമെന്റ് മത്സരങ്ങളും, ബെസ്റ്റ് പാർലമെന്റേറിയൻ ക്യാമ്പ്, സെമിനാറുകൾ, ശിൽപ്പശാലകൾ തുടങ്ങിയവയും ജനാധിപത്യ ഭരണഘടനാവബോധ പ്രവർത്തനങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ വിദ്യാർത്ഥി സമൂഹത്തെ ഓരോ നിയമസഭാ മണ്ഡലത്തിലെയും വികസന പ്രവർത്തനങ്ങളുമായി അടുപ്പിക്കുന്നതിനും അതുമായി ബന്ധപ്പെട്ട് ജന- പ്രതിനിധികളുമായി സംവദിക്കുന്നതിനും അവസരമൊരുക്കുന്ന സ്റ്റുഡന്റ് സഭ എന്ന നൂതന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അവയ്ക്കുപുറമേ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ പദ്ധതികളായ സ്റ്റുഡന്റ്സ് ലീഡേഴ്സ് കോൺക്ലേവ്, ഭരണഘടനാവബോധം സൃഷ്ടിക്കുന്നതിനുള്ള ഓൺലൈൻ കോഴ്സുകൾ എന്നിവ നടത്തുന്നതിനും ഇൻസ്റ്റിറ്റ്യൂട്ടിന്റെ എക്സിക്യൂട്ടീവ് കൗൺസിൽ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | സ്റ്റുഡന്റ് സഭയുടെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | സ്റ്റുഡന്റ് സഭയുടെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമാക്കുവാൻ, പൈലറ്റ് പ്രോഗ്രാം എന്ന നിലയിൽ തൃശ്ശൂർ ജില്ലയിലെ ചേലക്കര നിയോജക മണ്ഡലത്തിൽ സ്റ്റുഡന്റ്സ് സഭ നടപ്പിലാക്കിയിട്ടുണ്ട്. ഇത് സംസ്ഥാനത്തെ മറ്റെല്ലാ |

| | | | |
|---|---|---|---|
| | | | നിയോജകമണ്ഡലങ്ങളിലും ഘട്ടംഘട്ടമായി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണ നിർവ്വഹണം കൂടുതൽ മെച്ചപ്പെടുത്തുവാൻ സ്വന്തമായി ആസ്ഥാന മന്ദിരം നിർമ്മിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ? | (സി) | പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് സ്ഥലം അനുവദിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ